**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് – തദ്ദേശഭരണസ്ഥാപനങ്ങൾ എസ്.എസ്.എ.യുടെ ഭാഗമായി ക്ലാസ് മുറികൾ നിർമ്മിക്കുമ്പോൾ എസ്റ്റിമേറ്റ് തുക കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റിനെക്കാൾ അധികമായാൽ അധികതുക വികസനഫണ്ട്/തനത് ഫണ്ട്/ ജനറൽ പർപ്പസ് ഫണ്ട് ഇവയിൽ നിന്ന് വകയിരുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:–

---

## തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്

സ.ഉ.(എം.എസ്) നമ്പർ. 46/08/തസ്വഭവ                തീയതി: തിരുവനന്തപുരം, 16–02–2008

---

പരാമർശം: 25.02.2007–ലെ 8626/ഡി പി3/07 തസ്വഭവ നമ്പർ സർക്കുലർ

**ഉത്തരവ്**

സർവ്വശിക്ഷാ അഭിയാൻ (എസ്.എസ്.എ) പ്രകാരം ക്ലാസ് മുറികൾ നിർമ്മിക്കുന്നതിന്, 2004–ലെ പൊതുമരാമത്ത് ഷെഡ്യൂൾ നിരക്കുകൾ പ്രകാരം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള 1.50 ലക്ഷം രൂപ എന്ന പരിധിയിൽ (യൂണിറ്റ് കോസ്റ്റ്) കൂടുതൽ അടങ്കൽ തുക വരുകയാണെങ്കിൽ അധികം വരുന്ന തുക തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം/ജനറൽ പർപ്പസ് ഫണ്ട്/തനത് ഫണ്ട് ഇവയിൽ നിന്ന് വകയിരുത്താവുന്നതാണെന്ന് പരാമർശത്തിലെ സർക്കുലർ പ്രകാരം വിശദീകരണം നൽകിയിരുന്നു. യൂണിറ്റ് കോസ്റ്റിന്റെ നിരക്ക് 1.50 ലക്ഷം രൂപയിൽ നിന്നും 2 ലക്ഷം രൂപയായി കേന്ദ്ര ഗവൺമെന്റ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 1.4.2007 മുതൽ ഷെഡ്യൂൾ നിരക്കുകളും പരിഷ്കരിച്ചിട്ടുള്ളതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ അടങ്കൽ തുക 2 ലക്ഷം രൂപയിൽ അധികരിക്കുന്നുണ്ട്. യൂണിറ്റ് കോസ്റ്റ് 1.50 ലക്ഷം രൂപയായി കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിരുന്ന സമയത്താണ് അധികതുക തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം/ജനറൽ പർപ്പസ് ഫണ്ട്/തനത് ഫണ്ട് ഇവയിൽ നിന്ന് വഹിക്കുന്നതിന് അനുമതി നൽകിയിരുന്നത്. യൂണിറ്റ് കോസ്റ്റിന്റെ നിരക്കും പൊതുമരാമത്ത് ഷെഡ്യൂൾ നിരക്കുകളും ഇടയ്ക്കിടെ പരിഷ്കരിക്കുന്നതിനാൽ ഈ വിഷയത്തിൽ കൂടതൽ വ്യക്തത വരുത്തേണ്ടതുണ്ട് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച് ചുവടെയുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്ലാസ്സ് മുറികൾ നിർമ്മിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള പൊതുമാനദണ്ഡങ്ങൾ പാലിച്ചാണ് സർവശിക്ഷാ അഭിയാൻ പരിപാടിയുടെ ഭാഗമായും ക്ലാസ്സ് മുറികൾ നിർമ്മിക്കേണ്ടത്. ഈ മാനദണ്ഡങ്ങൾ അടിസ്ഥാനമായി സ്വീകരിച്ചുകൊണ്ട് സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താവുന്നതാണ്. തൽസമയം പ്രാബല്യത്തിലുള്ള പൊതുമരാമത്ത് ഷെഡ്യൂൾ നിരക്കുകളും തദ്ദേശഭരണസ്ഥാപനങ്ങൾ പൊതുമരാമത്ത് പ്രവർത്തികൾ നടപ്പാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കേന്ദ്ര ഗവൺമെന്റ് ആ കാലയളവിൽ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റിനെക്കാൾ അടങ്കൽ തുക അധികരിക്കുകയാണെങ്കിൽ അധിക തുക തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട്/ ജനറൽ പർപ്പസ് ഫണ്ട്/ തനത് ഫണ്ട് ഇവയിൽ നിന്ന് വകയിരുത്താവുന്നതാണ്.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**

**എസ്. എം. വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

1 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും

7 ഗ്രാമവികസന കമ്മീഷണർ
8 ഡയറക്ടർ, നഗരകാര്യവകുപ്പ്
9 പഞ്ചായത്ത് ഡയറക്ടർ
10 ഡയറക്ടർ ലോക്കൽഫണ്ട് ആഡിറ്റ്
11 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
12 എല്ലാ ജില്ലാ കളക്ടർ (ആസൂത്രണസമിതി സെക്രട്ടറി)മാർക്കും
13 ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ
14 എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
15 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ)മാർക്കും
17 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
18 എല്ലാ നഗരകാര്യമേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
19 എല്ലാ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് ചെയർമാൻമാർക്കും കൺവീനർമാർക്കും
20 ജനറൽ സെക്രട്ടറി, കേരളാ ഗ്രാമപഞ്ചായത്ത് അസോസിയോഷൻ
21 സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
22 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
23 സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ

പകർപ്പ്:

1. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ (DB/DC/DD/FM) വകുപ്പുകൾക്ക്
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി